ഒന്നാം പഞ്ചവത്സരപദ്ധതി.

*117. [25] ശ്രീ. വി. എൻ. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി, സദയം മറുപടി പറയുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ സമാപനവർഷമായ ഈ വർഷാവസാനത്തോടെ പദ്ധതിയിലെ ടാർജറ്റുകൾ നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നേടിയെടുക്കപ്പെട്ടുമോ ;

(ബി) ഇല്ലെങ്കിൽ ടാർജറ്റുകൾ കൈവരിക്കാൻ കഴിയാത്ത വസ്തുതകൾ എന്തൊക്കെയാണ് ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ടാർജറ്റുകൾ നേടിയെടുക്കുമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റോഡുപണി.

*118. [26] ശ്രീ. എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ

(എ) ഇടുക്കിപദ്ധതിയുടെ Investigation തുടങ്ങുന്നതിലേയ്ക്ക് ഒരു ജീപ്പുറോഡ് വെട്ടുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതോ ;

(ബി) അതിന്റെ പണി എന്നു തുടങ്ങുമെന്നു പറയുവാൻ കഴിയുന്നുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ട്.

(ബി) പണി തുടങ്ങിക്കഴിഞ്ഞു.

കേന്ദ്രസംസ്ഥാനം.

*119. [27] ശ്രീ. പി. ടി. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്സ്. ആർ. സി. നിർദ്ദേശിച്ച നിലയിലുള്ള കേരളസംസ്ഥാനത്തിനു ഭിന്നമായ നിലയിൽ ഈ ഗവണ്മെന്റ് കേന്ദ്രസംസ്ഥാനം എന്ന വല്ല നിവേദനവും കേന്ദ്രമന്ത്രിസഭ മുമ്പാകെ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംസ്ഥാനത്തെ ജനഹിതം ആരായുകൊണ്ടായിരുന്നോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ & ബി) എസ്സ്. ആർ. സി. നിർദ്ദേശിച്ച നിലയിലുള്ള കേരളസംസ്ഥാനത്തിനു ഭിന്നമായ നിലയിൽ ഈ ഗവണ്മെന്റ് പ്രത്യേക നിവേദനം ഒന്നും നടത്തിയിട്ടില്ല. എന്നാൽ അനൗപചാരികമായ ഒരു ആലോചനാവേളയിൽ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പു മന്ത്രിയും പങ്കെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

ശ്രീ. തോമ്പിൽ ഭാസ്കരൻ പിള്ള : സംസ്ഥാനത്തെ ജനഹിതം അറിഞ്ഞിട്ടോടാ എന്നാണ് ബിൽ ചോദിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിവേദനം നടത്തുന്നതിനു മുമ്പാണ് ജനഹിതം ആരായേണ്ടത്. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു ജനഹിതം ആരായേണ്ട ആവശ്യമില്ല.

ശ്രീ. തോമ്പിൽ ഭാസ്കരൻ പിള്ള : ഒരു സംസ്ഥാനത്തെ അനുകൂലിക്കുന്ന വല്ല പ്രസ്താവനയും മുഖ്യമന്ത്രിയിൽനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : ദക്ഷിണസംസ്ഥാനത്തെ പറ്റി മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ തോമ്പിൽ ഭാസ്കരൻ പിള്ള : പ്രസ്താവന ദക്ഷിണസംസ്ഥാനത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പ്രസ്താവന നോക്കിയാൽ പറയാം.

ശ്രീ. തോമ്പിൽ ഭാസ്കരൻ പിള്ള : ദക്ഷിണസംസ്ഥാനത്തെ അനുകൂലിച്ചു പ്രതിപാദിച്ചുകൊണ്ടുള്ള പത്രപ്രസ്താവനകൾ കണ്ടു. അതാണ് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തന്നെയാണ് പറഞ്ഞത്; ഏതു പത്രത്തിൽ, ഏതു പ്രസ്താവന എന്നു കണ്ടാലേ പറയാൻ സാധിക്കയുള്ളൂ.

ശ്രീ. തോമ്പിൽ ഭാസ്കരൻ പിള്ള : ലാക്കാളേജിൽവച്ചു മുഖ്യമന്ത്രി ദക്ഷിണസംസ്ഥാനത്തെ അനുകൂലിച്ചതു കർണ്ണാടകവും കേരളവും ചേർന്നുള്ള ഒരു ദക്ഷിണസംസ്ഥാനത്തെ അനുകൂലിച്ചായിരുന്നു പത്രങ്ങളിൽ കണ്ടു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലാക്കാളേജിൽവച്ചു ഞാൻ മറുകക്ഷികളാണ് സംസാരിച്ചത്.

ശ്രീ. തോമ്പിൽ ഭാസ്കരൻ പിള്ള : അങ്ങനെയുള്ള പത്രപ്രസ്താവന നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പത്രപ്രസ്താവനകൾ നിഷേധിക്കുന്നതു ആ പത്രക്കാരെ കാണാൻ തരപ്പെട്ടാലേ സാധ്യമാകൂ. മാത്രമല്ല കാര്യത്തിന്റെ പ്രധാന്യവുംകൂടി കണക്കിട്ടാണ് നിഷേധിക്കുകയും നിഷേധിക്കാതിരിക്കുകയും ചെയ്യുന്നതു.

ശ്രീ. ആർ. പ്രകാശം : അനൌപചാരികമായ സമ്മേളനത്തിനു പങ്കെടുക്കുവാൻ പോയതു സ്വന്തം ചെലവിലോ ഗവണ്മെന്റ് ചെലവിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതു സ്വന്തം ചെലവിലും മറ്റുചിലതു ഗവണ്മെന്റ് ചെലവിലും.

ശ്രീ. ജെ. എ. ഷട്ട് : ഔപചാരികവും അനൌപചാരികവുമായ സമ്മേളനങ്ങളിൽ പങ്കെടുക്കാനുള്ള കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെ ഒരു ആലോചന ഉണ്ടായി. ദക്ഷിണ...സംസ്ഥാനത്തെപ്പറ്റി സംസാരിക്കുമ്പോൾ ആ ശ്രമന്ത്രി ഇൻഡ്യൻപ്രധാനമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് അതിനെപ്പറ്റി ആലോചിക്കാൻ പോയത്.

ശ്രീ. ആർ. പ്രകാശം : പ്രൊവിൻഷ്യൽ കാൺഗ്രസ്സ് കമ്മിറ്റി ദക്ഷിണ സംസ്ഥാനം വേണ്ടെന്ന് പറഞ്ഞതിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെപ്പറ്റി പി. സി. സി. പ്രസിഡന്റിനോട് ചോദിക്കണം.

ശ്രീ. സി. ജെ. സദാശിവൻ : പൊതുജനാഭിപ്രായം മനസ്സിലാക്കിയതിനുശേഷവും ഇതെപ്പറ്റി എന്തിനാണ് ആലോചിച്ചത് ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അനുഭവപ്രധാനമായ സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായമാരായുകമല്ല.

സെക്കൻഡറി പ്രൈവറ്റ് സ്കൂളദ്ധ്യാപകർ.

* 120. [28] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് ഫസ്റ്റ് ഗ്രേഡ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) ഫസ്റ്റ് ഗ്രേഡ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകരിൽനിന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ) :

(എ) ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ തസ്തിക സംബന്ധിച്ച് സംസ്ഥാനമൊട്ടാകെയുള്ള സീനിയറിറ്റി ഏർപ്പെടുത്തുന്നു. അത് ഫസ്റ്റ് ഗ്രേഡും സെക്കൻഡ് ഗ്രേഡും സംബന്ധിച്ചിടത്തോളം രണ്ടിനും ഏഴ് എന്ന ശമ്പളാനുപാതത്തിൽ നിശ്ചയിച്ചിട്ടുമുണ്ട്. എന്നാൽ പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അവ പ്രത്യേകം പ്രത്യേകം മാനേജ്മെന്റിന്റെ കീഴിലായതുകൊണ്ട് ഒരു അനുപാതപ്രകാരം ഗ്രേഡ് തിരിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. അനുവദിച്ചിട്ടില്ല.

Thottappally Spillway.

* 121. [29] SHRI V. P. PARAMESWARAN NAMBOODIRI : Will the Minister for Works be pleased to state :

(a) whether the Thottappally Spillway has been effective in controlling the flood in sugar-cane growing area in Central Travancore ; and

(b) whether the views of the Management of the Pamba River Factory, Pulikeezhu have been sought in the matter ?

LIBRARY ARCHIVES Kerala Legislative Assembly